**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 797** **10-06-2021 - ൽ മറുപടിയ്ക്ക്**

**റോഡ് നിർമ്മാണത്തിന് നൂതന സാങ്കേതികവിദ്യ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ . ഷാഫി പറമ്പിൽ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | റോഡ് നിർമ്മാണത്തിന് നൂതന സാങ്കേതികവിദ്യകളും കാലാവസ്ഥ പ്രതിരോധ സാങ്കേതികവിദ്യകളും സ്വീകരിക്കുമെന്ന് പ്രഖ്യാപിക്കുമ്പോഴും മഴയിലും കടൽക്ഷോഭത്തിലും സംസ്ഥാനത്തെ റോഡുകൾ തകർന്ന് ഉപയോഗശൂന്യമാകുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് തുടർച്ചയായുണ്ടാകുന്ന കാലവർഷം കണക്കിലെടുത്ത് കാലാവസ്ഥാ വ്യതിയാനങ്ങളെ പ്രതിരോധിക്കുന്ന രീതിയിലുള്ള റോഡുകൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം നിലവിലുള്ള എല്ലാ റോഡുകളും പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ ഘട്ടം ഘട്ടമായി സ്വീകരിച്ചു വരുന്നു. അതിവർഷം മൂലമുണ്ടാകുന്ന കനത്ത വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് വെള്ളം ഒഴുക്കിവിടേണ്ട സംവിധാനം ലഭ്യമല്ലാത്ത അവസ്ഥയും റോഡുകളുടെ നാശത്തിന് കാരണമാകുന്നു. കൂടാതെ കടൽഭിത്തിയുടെ തകർച്ചയും കടൽക്ഷോഭവും മൂലം റോഡുകൾ ഒലിച്ചുപോകുന്നുണ്ട്. ഇത് തടയുന്നതിനായി കടലാക്രമണം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | എല്ലാ വർഷവും അറ്റകുറ്റപണികൾ നടത്തിയശേഷവും കാലവർഷത്തിൽ സാരമായ കേടുപാടുകൾ സംഭവിക്കുന്ന റോഡുകളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; ഇതിന്റെ കാരണം കണ്ടെത്തി നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | കാലവർഷത്തിൽ സാരമായ കേടുപാടുകൾ സംഭവിക്കുന്ന റോഡുകളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ട്. കേടുപാടുകൾ ഒഴിവാക്കുന്നതിനായി നൂതന സാങ്കേതികവിദ്യകൾ ഉൾക്കൊള്ളിച്ച് റോഡുകൾ പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കാലവർഷത്തിനു മുൻപേ റോഡുകളിലെ കുഴികൾ അടക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | കാലവർഷത്തിനുമുൻപേ റോഡിലെ കുഴികൾ അടയ്ക്കുന്നതിനും ഓടകൾ, കലുങ്കുകൾ എന്നിവ വൃത്തിയാക്കുന്നതിനും ആവശ്യമായ പ്രീമൺസൂൺ പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ